<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3809**</u> <u>**09-10-2025 - ൽ മറുപടിയ്ക്ക്**</u>

<u>**കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ചാലിക്കര സബ്സെന്ററിലെ കോഴ്സുകൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പേരാമ്പ്ര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ചാലിക്കര സബ്സെന്ററിൽ എത്ര കോഴ്സുകളിൽ പഠനം തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്ററിൽ ബി.എസ്.ഡബ്ല്യൂ., എം.എസ്.ഡബ്ല്യൂ., ബി. സി.എ., എം.സി.എ. എന്നീ കോഴ്സുകളിൽ പഠനം തുടരുന്നുണ്ട്. |
| (ബി) | ചാലിക്കര സബ്സെന്ററിന്റെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമപഞ്ചായത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി റീജിയണൽ സെന്റർ, പേരാമ്പ്ര, സ്ഥാപിക്കുന്നതിനായി 5 ഏക്കർ ഭൂമി നാഷണൽ എഡ്യൂക്കേഷണൽ ട്രസ്റ്റ്, പേരാമ്പ്ര, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത സബ് സെന്ററിന്റെ വികസനവുമായി ബന്ധപ്പെട്ട്, 10.03.2025 തീയതി ഭൂമിയുടെ അതിർത്തി നിർണ്ണയിക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും ചെയ്തു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി Contour Survey നടത്തുന്നതിനായി 13.08.2025-ന് ക്വട്ടേഷൻ ക്ഷണിക്കുകയും, 22.09.2025 തീയതി സർവേ പ്രവർത്തനം നടത്തുകയും ചെയ്തു. നിലവിൽ സർവേയുടെ ഡ്രോയിംഗ് കരാറുകാരൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് ലഭിക്കുന്ന മുറക്ക് സർവകലാശാല അടുത്ത ഘട്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ